പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7805 15.07.2014-ൽ മറുപടിക്ക്

## പുതിയ ബസ്സുകൾ

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി പുതിയ ബസ്സുകൾ ഏതെല്ലാം കമ്പനികളിൽ നിന്നാണ് വാങ്ങിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | 1350 കൺവെൻഷണൽ ബസ് ഷാസികളും 150 എയർ സസ്പെൻഷൻ ബസ് ഷാസികളും വാങ്ങുന്നതിന് ഇ-പ്രൊക്യൂർമെന്റ് സംവിധാനം മുഖേന ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പുതിയ ബസ് ഷാസികൾ ഏതെല്ലാം കമ്പനികളിൽ നിന്നുമാണ് വാങ്ങിക്കുന്നതെന്നും ആയതിന് ആവശ്യമായ തുക എത്രയെന്നും നിർണ്ണയിക്കപ്പെട്ടിട്ടില്ല. |
| (ബി) | ഏതെല്ലാം തരത്തിലുള്ള ബസ്സുകൾ എത്രവീതമാണ് വാങ്ങിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിന് ഓരോന്നിനും നിശ്ചയിച്ച തുക എത്രയാണെന്നും പ്രത്യേകം വിശദമാക്കുമോ; | | |
| (സി) | ഈ ബസ്സുകൾ കർണ്ണാടകം, തമിഴ്നാട് സംസ്ഥാനങ്ങൾ വാങ്ങിച്ചിട്ടുള്ള തുക പരിശോധിച്ചിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ